കെട്ടിക്കിടക്കുന്ന ജലം ഇല്ലായ്മ ചെയ്യുക, സ്വാശ്രയ ഗ്രൂപ്പുകൾ, വിദ്യാർത്ഥികൾ, തെരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ശുചീകരണ പ്രവർത്തനങ്ങൾ നടത്തുക, ബന്ധപ്പെട്ട വിഷയങ്ങളിൽ പൗരൻമാരുടെ മനോഭാവ രൂപീകരണത്തിനായി വിവിധ മാധ്യമങ്ങളിലൂടെ പരസ്യപ്രചാരണം നടത്തുക, മാലിന്യ പരിപാലനം ഉറപ്പിക്കാനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പുതിയ പ്ലാന്റുകളുടെ നിർമ്മാണം, നിലവിലുള്ള പ്ലാന്റുകളുടെ ആധുനികവൽക്കരണം, വികേന്ദ്രീകൃത മാലിന്യ സംസ്കരണം എന്നീ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീണ്) (മുൻ നിർമ്മൽ ഭാരത് അഭിയാൻ) പദ്ധതിയുടെ സഹായം, പദ്ധതി നടപ്പാക്കുന്നതിന് വിനിയോഗിക്കുന്നുണ്ട്.

(ഡി) സംസ്ഥാന പ്ലാൻ വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി സഹായം എന്നിവയിലൂടെ മാലിന്യ പരിപാലനം, ശുചിത്വം, വിവര വിജ്ഞാപന വ്യാപനം, ശേഷി വികസനം തുടങ്ങിയ ഘടകങ്ങൾക്കായി ലഭിക്കുന്ന തുകയാണ് പദ്ധതി നടത്തിപ്പിനായി കണ്ടെത്തി വിനിയോഗിക്കുന്നത്.

മാലിന്യ നിർമ്മാർജ്ജനം

247 (1619) ശ്രീമതി പി. അയിഷാ പോറ്റി : റാഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കാനായി തദ്ദേശസ്വയംഭരണ വകുപ്പിന് സംസ്ഥാന, കേന്ദ്ര വിഹിതമായി ലഭിച്ച തുക എത്രയാണ് ;

(ബി) മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കായി പ്രസ്തുത തുക ആർക്കെല്ലാം വിതരണം ചെയ്തിട്ടുണ്ട് ;

(സി) പ്രസ്തുത തുകയിൽ ശുചിത്വമിഷന് നൽകിയ തുകയും നാളിതുവരെ ചെലവഴിച്ച തുകയുടെ കണക്കും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കാനായി തദ്ദേശസ്വയംഭരണ വകുപ്പിന് സംസ്ഥാന വിഹിതമായി രൂ. 13,732.54 ലക്ഷവും കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതമായി രൂ. 1,299.46 ലക്ഷവും ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കായി ശുചിത്വത്തിന് സർക്കാർ അനുവദിച്ച ഉക പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി പ്രോജക്ട് നിർവ്വഹണത്തിനായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ശുചിത്വമിഷന് നൽകിയ 15,032.00 ലക്ഷം രൂപയിൽ 14,417.12 ലക്ഷം രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്.

നാട്ടിക, തളിക്കുളം പഞ്ചായത്ത്- പുര പദ്ധതി

248 (1620) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കേന്ദ്ര സർക്കാർ ധനസഹായത്തോടെ നാട്ടിക മണ്ഡലത്തിലെ തളിക്കുളം പഞ്ചായത്തിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പുര പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കഴിയാത്തതിന് കാരണങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) തളിക്കുളത്ത് പുര പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടില്ല. വിവിധ വകുപ്പുകളുമായി ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

പുതുതായി രൂപീകരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

249 (T1621) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് പുതുതായി ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും രൂപീകരിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ ;

(ബി) പുതുതായി രൂപീകരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly